## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3099 — 21/6/2013 ൽ മറുപടിയ്ക്ക്

# സഞ്ചരിക്കുന്ന കാർഷിക ക്ലിനിക്കുകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. കെ. മുരളീധരൻ<br>,, പി.എ. മാധവൻ<br>,, ഹൈബി ഈഡൻ<br>,, ഷാഫി പറമ്പിൽ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് സഞ്ചരിക്കുന്ന കാർഷിക ക്ലിനിക്കുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. വിളകളിലെ രോഗകീട ബാധകൾ യഥാസമയം വേർതിരിച്ചറിഞ്ഞ് പര്യാപ്തമായ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് വളരെയധികം തടസ്സങ്ങൾ അനുഭവപ്പെട്ടിരിക്കുന്ന അവസ്ഥയിൽ ആയത് നിരീക്ഷിക്കുന്നതിനും അതിനനുസരണമായ നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനും സാങ്കേതിക വിദഗ്ദ്ധരുടെ സഹായവും നിയന്ത്രണോപാധികളും കൃഷിയിടത്തിൽ യഥാസമയം ലഭ്യമാക്കുന്ന സംവിധാനമാണ് സഞ്ചരിക്കുന്ന കാർഷിക ക്ലീനിക്കുകൾ. ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്ത് 75 സഞ്ചരിക്കുന്ന ക്ലീനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സഞ്ചരിക്കുന്ന കാർഷിക ക്ലീനിക്കുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇവയാണ്.<br>1 കർഷകരുടെ ആവശ്യാനുസരണം കൃഷിയിടത്തിൽ കാർഷിക വിദഗ്ധരുടെ സേവനം ഉറപ്പാക്കുക.<br>2 രോഗകീടബാധകൾ കൃഷിയിടം |

സന്ദർശനത്തിലൂടെ തിരിച്ചറിയുകയും വേണ്ട നിർദ്ദേശങ്ങളും നിയന്ത്രണോപാധികളും ലഭ്യമാക്കുകയും ചെയ്യുക.

3 കൃഷിയിട സന്ദർശനത്തിലൂടെ സസ്യ പോഷക മൂലകങ്ങളുടെ കുറവും അധികരിക്കലും കണ്ടെത്തി ഉചിതമായ ശുപാർശകൾ നടത്തുക.

4 കർഷകരേയും യുവാക്കളേയും കാർഷിക പരിപാലനത്തിൽ സ്വയം പര്യാപ്തരാക്കുക.

5. കൃഷി ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ആർജ്ജവത്തോടെ നടപ്പിലാക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുക.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദമാക്കുമോ ;

(സി) ജില്ലയിൽ രൂപീകരിച്ചിട്ടുള്ള സാങ്കേതിക ഗ്രൂപ്പിൽ കാർഷിക സർവ്വകലാശാല വിദഗ്ദ്ധരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഇതു വഴി കർഷകർക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) സഞ്ചരിക്കുന്ന കാർഷിക ക്ലീനിക്കുകൾ വഴി കർഷകർക്ക് താഴെ വിവരിക്കുന്ന സഹായങ്ങൾ ലഭ്യമാകും. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കർഷകരുടെ ആവശ്യപ്രകാരം കാർഷിക വിദഗ്ദ്ധർ താമസം കൂടാതെ കൃഷിയിടത്തിൽ എത്തുന്നു.

2.കൃഷിയിടത്തിലെ വിളകളിലെ രോഗബാധകൾ തിരിച്ചറിഞ്ഞ് അനുയോജ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു.

3.കഴിയുന്ന ഇടങ്ങളിൽ ആവശ്യമായ നിയന്ത്രണോപാധികൾ കൃഷിയിടത്തിൽ ലഭ്യമാക്കുന്നു.

4.കർഷകർക്ക് കാർഷിക പ്രവർത്തനങ്ങളിൽ വേണ്ടത്ര അവബോധം നൽകുന്നു.

5.കൃഷിയിടങ്ങളിലെ മണ്ണ് പരിശോധന വിധേയമാക്കി ആവശ്യമെങ്കിൽ സസ്യ പോഷകമൂലകങ്ങളുടെ

കുറവോ അധികരിക്കലോ അനുസരിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുന്നു.

6.കർഷകരേയും യുവാക്കളേയും കാർഷിക പ്രവർത്തനങ്ങളിൽ സ്വയം പര്യാപ്തരാക്കുന്നു.

സെക്ഷൻ ഓഫീസർ